**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 3537**

## <u>മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ</u>

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. പി.സി.ജോർജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1) ഭൂരഹിത/ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി<br>2) കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.<br>3) മെഡിക്കൽ ക്യാമ്പ്<br>4) അക്ഷരസാഗരം<br>5) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.<br>6) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി<br>7) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ<br>8) തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി<br>9) തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി<br>10) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി<br>11) തീരദേശ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.<br>12) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം<br>13) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിടസമുച്ചയം നിർമ്മിക്കുന്ന പദ്ധതി.<br>14) സീകേജ് ഫാമിങ്ങ് പദ്ധതി. |
| (ബി) | ഉൾക്കടലിൽ പോയി മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികളുടെ യന്ത്ര വള്ളങ്ങൾ, ബോട്ടുകൾ മുതലായവ സാമ്പത്തിക കുറവുമൂലം വളരെ മോശമായ സ്ഥിതിയിൽ കടലിലേയ്ക്ക് കൊണ്ടുപോകേണ്ടിവരുന്നത് | (ബി) | എൻ.സി.ഡി.സി ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നൽകുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം |

| | | | |
|---|---|---|---|
| | കണക്കിലെടുത്ത്, ഇവരുടെ മത്സ്യബന്ധനം സുഖകരമാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുമോ? | | നടപ്പിലാക്കുന്നതിനായി 2 കോടി രൂപ അനുവദിക്കുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന ബോട്ടുകളെ നിരീക്ഷിക്കുന്നതിനും, അപകടത്തിൽപ്പെട്ടാൽ ഉടൻതന്നെ കൺട്രോൾ റൂമിൽ വിവരം ലഭ്യമാക്കുകയും ചെയ്യുന്ന വിധം 'ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം' നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ 300 ബോട്ടുകളിലാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്. കൂടാതെ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂർ കൺട്രോൾ റൂമും റെസ്ക്യൂ ബോട്ടും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | വിവിധ കടലോരമേഖലകളിൽ നിന്നും ആഴക്കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ടിട്ടുണ്ടോയെന്ന് കരയിൽ നിന്ന് നിരീക്ഷിക്കുവാനും ഇവരെ സഹായിക്കുവാനും ആവശ്യമായ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി ഇതിലേയ്ക്ക് വിവിധ കടലോര മേഖലകളിൽ ആളുകളെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ കരയിൽ നിന്ന് നിരീക്ഷിക്കുന്നതിന് 'ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 300 യൂണിറ്റുകൾ 90% സബ്സിഡി നിരക്കിൽ ബോട്ടുകളിൽ ഘടിപ്പിക്കുകയും ഫിഷറീസ് സ്റ്റേഷൻ വഴി കൺട്രോൾ റൂം പ്രവർത്തിപ്പിക്കുകയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൊത്തം 155 ജി.പി.എസ് വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ